"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ജീവനക്കാര്യം - അനധികൃതമായി സർവീസിൽ നിന്നും വിട്ടുനിൽക്കുന്ന ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II ശ്രീ.ജ്യോതിഷ് എസ്.-നെ അച്ചടക്ക നടപടിക്ക് വിധേയമായി സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

**സ.ഉ.(സാധാ) നം.936/2025/H&FWD തീയതി,തിരുവനന്തപുരം, 27-03-2025**

---

പരാമർശം:- 1. സ.ഉ.(അ) നം.55/2020/ആ.കു.വ തീയതി 16.09.2020.

2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 28.11.2024 ലെ ആവഡ/25440/2024-ഇ.സി.4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിലെ വാമനപുരം കുടുംബാരോഗ്യ കേന്ദ്രത്തിലെ JHI ഗ്രേഡ്-II ശ്രീ.ജ്യോതിഷ് എസ്.-നെ അച്ചടക്ക നടപടിയ്ക്ക് വിധേയമായി സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുന്നതിനുള്ള ശിപാർശ, അനുബന്ധരേഖകളോടൊപ്പം ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ചിരുന്നു.

2. 24.10.2017, 28.11.2017, 10.01.2018 മുതൽ 28.02.2018 വരെ, 18.12.2018 മുതൽ 10.03.2019 വരെ തീയതികളിൽ അനധികൃതമായി ഡ്യൂട്ടിയിൽ നിന്നും വിട്ടു നിന്നതിനെതിരെ വകുപ്പ് തലത്തിൽ കുറ്റാരോപണമെമ്മോ നൽകി അച്ചടക്ക നടപടി സ്വീകരിക്കുകയും, രണ്ട് വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലത്തോടെ തടഞ്ഞുകൊണ്ട് തിരികെ സർവ്വീസിൽ പ്രവേശിപ്പിക്കുകയും ചെയ്തിരുന്നു. തുടർന്നും 21.02.2020 മുതൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുന്ന ടിയാൻ പുനഃപ്രവേശനത്തിനായി സന്നദ്ധത അറിയിക്കുകയും പരാമർശം (1) നിഷ്കർഷിക്കും പ്രകാരമുള്ള ബോണ്ടും സമർപ്പിച്ചതിനത്തുടർന്ന് ടിയാനെ അച്ചടക്ക നടപടിക്ക് വിധേയമായി സർവീസിൽ പുന:പ്രവേശിപ്പിക്കാവുന്നതാണെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

3. ഈ സാഹചര്യത്തിൽ 21.02.2020 മുതൽ അനധികൃതാവധിയിൽ തുടരുന്ന തിരുവനന്തപുരം വാമനപുരം കുടുംബാരോഗ്യ കേന്ദ്രത്തിലെ JHI ഗ്രേഡ്-II ശ്രീ.ജ്യോതിഷ് എസ്. നെ സ.ഉ(പി) നം 55/2020/ആ.കു.വ തീയതി 16.09.2020 പ്രകാരം നിഷ്കർഷിച്ചിട്ടുള്ള ബോണ്ടിന്റെ അടിസ്ഥാനത്തിൽ, തുടർന്നും ഇത്തരം വീഴ്ചകൾ ആവർത്തിച്ചാൽ സർവീസിൽ നിന്നും പിരിച്ച് വിടുന്നത് ഉൾപ്പടെയുള്ള കർശനമായ നടപടി സ്വീകരിക്കും എന്ന താക്കീതോടെ അച്ചടക്കനടപടിക്ക് വിധേയമായി സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുന്നതിന് അനുമതി നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ചിത്ര കെ ദിവാകരൻ

ജോയിന്റ് സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഭദ്രമായ സൂക്ഷിപ്പിനായി ബോണ്ട് ഇതോടൊപ്പം

ഉള്ളടക്കം ചെയ്യുന്നു).

ശ്രീ.ജ്യോതിഷ് എസ്, പണയിൽ വീട്, ശിവഗിരി, വർക്കല പി.ഒ., തിരുവനന്തപുരം - 695 141 (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന).

ജില്ലാ മെഡിക്കൽ ആഫീസർ, തിരുവനന്തപുരം (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം.

വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.(C2/378/2024-HEALTH)

ഉത്തരവിൻ പ്രകാരം
Signed by
Prijith. G
Date: 28-03-2025 14:56:34
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.ആരോഗ്യ വനിതാ ശിശു വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.